ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. ബി 6 /33(1)/2019/മെ.വി.വ.** **തീയതി: 19/10/2019**

# വിജ്ഞാപനം

## ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2019 -2020 (പട്ടിക ജാതി, പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് മാത്രം)

## ജി.എൻ.എം. സ്പോട്ട് അഡ്മിഷൻ 26-ന്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പട്ടിക ജാതി, പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്കായി നടത്തുന്ന **ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ്**, 2019-2020 ലേക്കുള്ള പ്രവേശന നടപടികളുമായി ബന്ധപ്പെട്ട്, **ഒഴിവുള്ള 10 (പത്ത്) സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ 2019 ഒക്ടോബർ മാസം 26-ന് രാവിലെ 11 മണിക്ക് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ (മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം) വച്ച് നടത്തുന്നു.** (കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിൽ എസ്.സി വിഭാഗം പെൺകുട്ടികളുടെ '2' ഒഴിവും, തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ എസ്.സി വിഭാഗം പെൺകുട്ടികളുടെ '1' ഒഴിവും, കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിൽ എസ്.റ്റി വിഭാഗത്തിൽ പെൺകുട്ടികളുടെ '6' ഉം, ആൺകുട്ടികളുടെ '1' ഒഴിവും ആണ് നിലവിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്). ഇനി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ കൂടി അന്നേ ദിവസത്തെ സ്പോട്ട് അഡ്മിഷനിലൂടെ നികത്തുന്നതാണ്.

**റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താൽപര്യമുള്ള എല്ലാ പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. കൂടാതെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ ഓപ് ഷണൽ വിഷയങ്ങളായും, ഇംഗ്ലീഷ് നിർബന്ധിത വിഷയമായും 40% മാർക്കോടുകൂടി പ്ലസ് ടു പരീക്ഷ പാസായ കേരളത്തിലെ എല്ലാ പട്ടിക വർഗ (ST) വിദ്യാർത്ഥികൾക്കും സ്പോട്ട് അഡ്മിഷനിൽ നേരിട്ട് പങ്കെടുക്കാവുന്നതാണ്.**

വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ (എസ്.എസ്.എൽ.സി, പ്ലസ് ടു, കമ്മ്യൂണിറ്റി, നേറ്റിവിറ്റി, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് മുതലായവ) , റ്റി.സി എന്നിവ സഹിതം നേരിട്ട് പ്രസ്തുത ദിവസം സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ടതാണ്.

വിശദവിവരങ്ങൾ ഡി.എം.ഇ.-യുടെ വെബ് സൈറ്റായ www.dme.kerala.gov.in-ൽ ലഭ്യമാണ്.

വിശ്വസ്തതയോടെ,

Signature valid

Digitally signed by LATHA R
Date: 2019.10.19 15:32:07 IST
Reason: Approved

DR LATHA R

JOINT DIRECTOR (NURSING)

ഡയറക്ടർക്കു വേണ്ടി

പകർപ്പ്: 1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം

2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം

3. ആദിവാസി മഹാസഭ , ആദിവാസി ഭവൻ, വിതുര, തിരുവനന്തപുരം 4. ആകാശവാണി, തിരുവനന്തപുരം / കോഴിക്കോട്

5. ദൂരദർശൻ, തിരുവനന്തപുരം / കോഴിക്കോട്

6. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരു., കോട്ടയം, കോഴിക്കോട്

7. ഡി എം ഇ / ജെ ഡി എം ഇ (എം & ജി )/ ജെ ഡി എൻ ഇ എന്നിവരുടെ സി എ മാർക്ക്

8. അഡ്മിനിസ്റ്റേറ്റിവ് അസിസ്റ്റന്റ് , അക്കാദമിക്

9 .സീനിയർ സൂപ്രണ്ട് , അക്കാദമിക്

10 സർജന്റ്

11 നോട്ടീസ് ബോർഡ്